# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 01.08.2025** **TIME :07.25 AM**

### പ്രധാന വാർത്തകൾ

1. രാജ്യത്തെ പൗരന്മാരുടെ ചികിത്സാ ചെലവുകൾ കുറയ്ക്കുന്നതിന് കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   **President Droupadi Murmu says the Central Government is committed to reduce the medical expenses of citizens.**

2. പ്രധാൻ മന്ത്രി കൃഷി സമ്പദ യോജനയുടെ വിഹിതം 6,520 കോടി രൂപയായി വർദ്ധിപ്പിക്കാൻ കേന്ദ്രമന്ത്രിസഭ യോഗ തീരുമാനം.

   **Union Cabinet approves total outlay of 6,520 crore rupees for expansion of Pradhan Mantri Kisan Sampada Yojana.**

3. ബാങ്കിംഗ് നിയമ (ഭേദഗതി) നിയമം 2025 ഇന്ന് മുതൽ പ്രാബല്യത്തിൽ.

   **The Banking Laws (Amendment) Act, 2025 will come into effect today.**

4. കേരളത്തിൽ 52 ദിവസത്തെ ട്രോളിങ്ങ് നിരോധനം അവസാനിച്ചു. പ്രതീക്ഷയോടെ മത്സ്യതൊഴിലാളികൾ.

   **52-day trawling ban ends in Kerala; fishermen return to sea with hope.**

5. ഇംഗ്ലണ്ടിനെതിരായ അവസാന ടെസ്റ്റിൻറെ ആദ്യ ദിനം ഇന്ത്യയ്ക്ക് ആറ് വിക്കറ്റ് നഷ്ടം.

   **India loses six wickets on the first day of the final Test against England.**

*******************************************

## PRESIDENT AIMS (INTRO)

രാജ്യത്തെ പൗരന്മാരുടെ ചികിത്സാ ചെലവുകൾ കുറയ്ക്കുന്നതിന് കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ആരോഗ്യ സംരക്ഷണ മേഖലയിലെ ഇന്ത്യയുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് എയിംസ് പോലുള്ള സ്ഥാപനങ്ങളുടെ പങ്ക് പ്രധാനമാണെന്നും രാഷ്ട്രപതി പറഞ്ഞു. ഝാർഖണ്ഡിലെ ദേവ്ഘർ എയിംസിൻറെ ആദ്യ ബിരുദദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു രാഷ്ട്രപതി.

(ഹോൾഡ് വോയിസ്....)

ധൻബാദ് ഐഐടി യുടെ 45-ാമത് ബിരുദദാന ചടങ്ങിലും രാഷ്ട്രപതി ഇന്ന് മുഖ്യാതിഥിയാകും.

*********************************************

## EC VICE PREZ ELECTION

ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിനുള്ള ഇലക്ടറൽ കോളേജ് പട്ടികയ്ക്ക് തിരഞ്ഞെടുപ്പ് കമ്മീഷൻ അന്തിമരൂപം നൽകി. രാജ്യസഭയിലെ തിരഞ്ഞെടുക്കപ്പെട്ടതും, നാമനിർദ്ദേശം ചെയ്യപ്പെട്ടതുമായ അംഗങ്ങൾ, ലോക്സഭയിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്നിവർ ഉൾപ്പെടുന്ന ഇലക്ടറൽ കോളേജാണ് ഉപരാഷ്ട്രപതിയെ തിരഞ്ഞെടുക്കുന്നത്. ഔദ്യോഗിക വിജ്ഞാപനത്തിന് ശേഷം തെരഞ്ഞെടുപ്പ് കമ്മീഷനിൽ സജ്ജീകരിച്ചിരിക്കുന്ന കൗണ്ടറിൽ നിന്ന് പട്ടിക ലഭ്യമാകുമെന്ന് കമ്മീഷൻ പ്രസ്താവനയിൽ അറിയിച്ചു.

*********************************************

## CABINET

"പ്രധാനമന്ത്രി കിസാൻ സമ്പദയോജന" യ്ക്ക് 1920 കോടി രൂപയുടെ അധിക വിഹിതം ഉൾപ്പെടെ 6520 കോടി രൂപയുടെ വിഹിതത്തിന് കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകി. NABL അംഗീകാരമുള്ള 100

ഭക്ഷ്യ പരിശോധനാ ലാബുകൾ സ്ഥാപിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

**********************************

## ASWINI VAISHNAW (INTRO )

ദേശീയ സഹകരണ വികസന കോർപ്പറേഷൻ ശക്തിപ്പെടുത്താനും കേന്ദ്ര മന്ത്രിസഭാ യോഗത്തിൽ തീരുമാനം. 2025-26 മുതൽ 2028-29 വരെയുള്ള നാല് വർഷത്തേക്ക് 2000 കോടി രൂപ വകയിരുത്തുന്ന "ദേശീയ സഹകരണ വികസന കോർപ്പറേഷനുള്ള ഗ്രാന്റ് ഇൻ എയ്ഡ്" പദ്ധതിക്ക് മന്ത്രിസഭാ യോഗം അംഗീകാരം നൽകിയതായി കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

(ഹോൾഡ് വോയിസ്........ )

മഹാരാഷ്ട്ര, മധ്യപ്രദേശ്, പശ്ചിമ ബംഗാൾ, ബീഹാർ, ഒഡീഷ, ജാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളിലെ 13 ജില്ലകളെ ഉൾക്കൊള്ളുന്ന നാല് മൾട്ടിട്രാക്കിംഗ് റെയിൽവേ പദ്ധതികൾക്കും മന്ത്രിസഭാ അംഗീകാരം നൽകി.

**********************************

## BANKING LAWS AMENDMENT ACT

ബാങ്കിംഗ് മേഖലയിലെ ഭരണ നിലവാരം മെച്ചപ്പെടുത്താനും നിക്ഷേപകർക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കാനും ലക്ഷ്യമിട്ടുള്ള ബാങ്കിംഗ് നിയമ (ഭേദഗതി) നിയമം 2025 ഇന്ന് പ്രാബല്യത്തിൽ വരും. ഈ വർഷം ഏപ്രിൽ 15 ന് വിജ്ഞാപനം ചെയ്ത നിയമം പൊതുമേഖലാ ബാങ്കുകളിലെ ഓഡിറ്റ് ഗുണനിലവാരം മെച്ചപ്പെടുത്തുകയും സഹകരണ ബാങ്കുകളിലെ ഡയറക്ടർമാരുടെ കാലാവധി വർദ്ധിപ്പിക്കുകയും ചെയ്യുമെന്ന് ധന മന്ത്രാലയം അറിയിച്ചു.

**********************************

## SHIVRAJ- PM KISAN 20TH INSTALLMENT

പിഎം കിസാൻ സമ്മാൻ നിധിയുടെ 20-ാമത് ഗഡുവിതരണത്തിന് പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ വാരാണസിയിൽ തുടക്കം കുറിക്കും. കർഷകർക്ക് പ്രതിവർഷം ആറായിരം രൂപ മൂന്ന് തുല്യ ഗഡുക്കളായാണ് നൽകി വരുന്നത്.

***********************************

## PAR-GOYAL US TARIFF

ഇന്ത്യൻ ഉൽപ്പന്നങ്ങൾക്ക് യുഎസ് പ്രഖ്യാപിച്ച 25 ശതമാനം തീരുവയുടെ പ്രത്യാഘാതങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണെന്ന് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ. ദേശീയ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനാണ് മുൻഗണന എന്നും ലോക്സഭയിൽ നടത്തിയ പ്രസ്താവനയിൽ അദ്ദേഹം പറഞ്ഞു. ഇന്ത്യയും - യുഎസും തമ്മിലുള്ള ഉഭയകക്ഷി വ്യാപാര കരാർ അന്തിമമാക്കുന്നതിനുള്ള ചർച്ചകൾ പുരോഗമിക്കുകയാണെന്നും അദ്ദേഹം വ്യക്തമാക്കി.

***********************************

## PIB-FACT CHECK

യുഎസ് പ്രസിഡൻറ് ഡൊണാൾഡ് ട്രംപ് പ്രഖ്യാപിച്ച 25 ശതമാനം നികുതിയെ തുടർന്ന് ഇന്ത്യയിൽ ആറായിരം കോടി ഡോളർ വിപണി നഷ്ടമുണ്ടായതതായും സാമ്പത്തിക അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതായുമുള്ള പാകിസ്ഥാൻ പ്രചാരണം വ്യാജമെന്ന് പിഐബി ഫാക്ട് ചെക്ക് വിഭാഗം. ഇന്ത്യയിൽ സാമ്പത്തിക അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിട്ടില്ലെന്നും വ്യാജ പ്രചരണങ്ങൾക്കെതിരെ ജാഗ്രത പാലിക്കണമെന്നും ഫാക്ട് ചെക്ക് യൂണിറ്റ് അഭ്യർത്ഥിച്ചു.

***********************************

## EC EVM

ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങൾ കുറ്റമറ്റതെന്ന് ആവർത്തിച്ച് തിരഞ്ഞെടുപ്പ് കമ്മീഷൻ. കഴിഞ്ഞ വർഷം നടന്ന മഹാരാഷ്ട്ര നിയമസഭാ തെരഞ്ഞെടുപ്പിൽ വിവിപാറ്റ് സ്ലിപ്പുകളുടെ എണ്ണത്തിൽ പൊരുത്തക്കേടുകൾ കണ്ടെത്തിയിട്ടില്ലെന്നും കമ്മീഷൻ പറഞ്ഞു. സ്ഥാനാർത്ഥികളിൽ നിന്ന് ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ, 10 നിയമസഭാ മണ്ഡലങ്ങളിലും ഇവിഎമ്മുകളുടെ പരിശോധന നടത്തിയതായും കമ്മീഷൻ അറിയിച്ചു.

********************************

## ECI - SIR

ബീഹാറിൽ കരട് വോട്ടർ പട്ടിക തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ന് പ്രസിദ്ധീകരിക്കും. ബിഹാറിലെ 38 ജില്ലകളിലെയും അംഗീകൃത രാഷ്ട്രീയ പാർട്ടികൾക്ക് വോട്ടർ പട്ടിക ലഭ്യമാക്കുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ പറഞ്ഞു. ഇന്ന് മുതൽ സെപ്റ്റംബർ 1 വരെ പട്ടികയിൽ തിരുത്തലുകൾ വരുത്താം.

********************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്........

(ബ്രേക്ക്)

********************************

## SCINDIA-MOBILE CONCLAVE(INTRO)

ലോകത്ത് ഏറ്റവും കുറഞ്ഞ നിരക്കിൽ മൊബൈൽ ഡാറ്റ നൽകുന്ന രാജ്യമാണ് ഇന്ത്യയെന്ന് കേന്ദ്ര മന്ത്രി ജ്യോതിരാദിത്യ സിന്ധ്യ. മൊബൈൽ ടെലിഫോണിയുടെ 30-ാം

വാർഷികത്തോടനുബന്ധിച്ച് ന്യൂഡൽഹിയിൽ മൊബൈൽ കോൺക്ലേവിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

(വോയ്സ്................)

ഇലോൺ മസ്കിന്റെ സ്റ്റാർലിങ്കിന് ഇന്ത്യയിൽ ഉപഗ്രഹ ഇന്റർനെറ്റ് സേവനം ആരംഭിക്കുന്നതിനുള്ള ലൈസൻസ് നൽകിയിട്ടുണ്ടെന്നും, സ്പെക്ട്രം അനുവദിക്കുന്നതിന് ചട്ടക്കൂട് നിലവിലുണ്ടെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

*********************************

## SCHOOL MENU

കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ പുതുക്കിയ മെനു അനുസരിച്ചുള്ള ഉച്ചഭക്ഷണം ഇന്ന് മുതൽ വിതരണംചെയ്യും. ചോറിനു പുറമെ എഗ് ഫ്രൈഡ് റൈസ്, വെജിറ്റബിൾ ബിരിയാണി, പായസം തുടങ്ങിയവയും കുട്ടികൾക്ക് ലഭിക്കും. റാഗി കൊഴുക്കട്ട, ഇലയട തുടങ്ങിയ വിവിധ വിഭവങ്ങളും മെനുവലുണ്ട്. ചെറു ധാന്യ വിഭവങ്ങൾ നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെയും, പിടിഎയുടെയും, പൊതുസമൂഹത്തിൻറെയും സഹായം തേടാമെന്ന് വിദ്യാഭ്യാസ വകുപ്പ് അറിയിച്ചു.

*********************************

## TRAWLING BAN END..INTRO

കേരളത്തിൽ ട്രോളിങ്ങ് നിരോധനം അവസാനിച്ചു. രാത്രി പന്ത്രണ്ട് മണിമുതൽ യന്ത്രവത്കൃത മത്സ്യബന്ധനയാനങ്ങൾ കടലിൽ പോയിത്തുടങ്ങി.

**വിശദാംശങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ.......**

(വോയ്സ്)

*********************************

## RATION SHOP

സംസ്ഥാനത്ത് ഈ മാസത്തെ റേഷൻ വിതരണം നാളെ മുതൽ ആരംഭിക്കും. ഇന്ന് റേഷൻകടകൾക്ക് അവധിയായിരിക്കും.

****************************************

## CRICKET- IND-ENG TEST

ഇംഗ്ലണ്ടിനെതിരായ അവസാന ടെസ്റ്റിൻറെ ആദ്യ ദിനം ഇന്ത്യ ആറ് വിക്കറ്റിന് 204 റൺസ് നേടി. കരുൺനായരുടെ അർദ്ധ സെഞ്ച്വറിറാണ് ബാറ്റിങ് തകർച്ച നേരിട്ട ഇന്ത്യക്ക് തുണയായത്. 19 റൺസുമായി വാഷിംഗ്ടൺ സുന്ദറാണ് കരുണിനൊപ്പം ക്രീസിൽ. പരമ്പരയിൽ ഇംഗ്ലണ്ട് 1-2ന് മുന്നിലാണ്.

****************************************

## WORLD WRESTLING CHAMPIONSHIPS

ഏഥൻസിൽ നടക്കുന്ന അണ്ടർ 17 ലോക ഗുസ്തി ചാമ്പ്യൻഷിപ്പിൽ മികച്ച പ്രകടനം കാഴ്ചവച്ച് ഇന്ത്യൻ വനിതാ താരങ്ങൾ. രണ്ട് സ്വർണ്ണം, രണ്ട് വെള്ളി, ഒരു വെങ്കലം ഉൾപ്പെടെ അഞ്ച് മെഡലുകളാണ് താരങ്ങൾ നേടിയത്. വനിതകളുടെ 43 കിലോഗ്രാം ഫ്രീസ്റ്റൈൽ വിഭാഗത്തിൽ ഇന്ത്യൻ താരം രചനയും , 65 കിലോഗ്രാം വിഭാഗത്തിൽ അശ്വിനി വിഷ്ണോയും സ്വർണ്ണം നേടി. 57 കിലോഗ്രാം വിഭാഗത്തിൽ മോണിയും , 73 കിലോഗ്രാം വിഭാഗത്തിൽ കാജലും വെള്ളി മെഡൽ സ്വന്തമാക്കി. 49 കിലോഗ്രാം വിഭാഗത്തിൽ കോമൾ വർമ്മയ്ക്കാണ് വെങ്കലം.

****************************************

## A RAJARAJAN - VSSC

വിക്രം സാരാഭായ് സ്പേസ് സെൻററിൻറെ മേധാവിയായി എ രാജരാജൻ നിയമിതനായി. ശ്രീഹരിക്കോട്ട സതീഷ് ധവാൻ സ്പേസ്

ഡയറക്ടറായി സേവനമനുഷ്ഠിക്കുകയായിരുന്നു അദ്ദേഹം. തിരുവനന്തപുരം സ്വദേശിയാണ് .

*********************************

## CHANGE OF GUARD

നാളെയും, 9, 16 തീയതികളിലും രാഷ്ട്രപതി ഭവന് മുന്നിൽ Change of Guard ഉണ്ടായിരിക്കില്ലെന്ന് രാഷ്ട്രപതിയുടെ കാര്യാലയം അറിയിച്ചു. സ്വാതന്ത്ര്യദിന ആഘോഷങ്ങളുടെ ഭാഗമായി നടക്കുന്ന ചടങ്ങുകളുടെ റിഹേഴ്സലിൽ സെറിമോണിയൽ ബറ്റാലിയൻ ഏർപ്പെട്ടിരിക്കുന്നതിനാലാണിത്.

*********************************

## PM-UAE PREZ CALL

പ്രധാനമന്ത്രി നരേന്ദ്ര മോദി യുഎഇ പ്രസിഡന്റ് ഷെയ്ഖ് മുഹമ്മദ് ബിൻ സയിദ് അൽ നഹ്യാനുമായി ടെലിഫോൺ സംഭാഷണം നടത്തി. ഇന്ത്യയും യുഎഇയും തമ്മിലുള്ള തന്ത്രപരമായ പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള പ്രതിജ്ഞാബദ്ധത ഇരു നേതാക്കളും ആവർത്തിച്ചതായി പ്രധാനമന്ത്രിയുടെ ഓഫീസ് പ്രസ്താവനയിൽ പറഞ്ഞു. വിവിധ മേഖലകളിലെ ഉഭയകക്ഷി സഹകരണത്തിലെ പുരോഗതിയും വിലയിരുത്തി.

*****************************************************************************************
***********